(ബി) കേന്ദ്രഗവണ്മെണ്ടിന്റെ സബ്സിഡിയെക്കുറിച്ച് ഉള്ള നയത്തിൽ വരുത്തിയ ഭേദഗതികൊണ്ട്.

(സി) ഉദ്ദേശം ൨൦൦ കോടി രൂപയോളം കുറവു വന്നേക്കാവുന്നതാണ്.

ഭക്ഷ്യധാന്യ സബ്സിഡി

*൫൨൨. (൧൫) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യ സബ്സിഡിയിൽ കുറവു വരുത്തരുതെന്ന് ഇൻഡ്യാ ഗവണ്മെണ്ടിന്റെ അടുക്കൽ തിരുവിതാംകൂർ-കൊച്ചി ഗവണ്മെണ്ട് നിവേദനം നടത്തിയിട്ടുണ്ടോ ;

(ബി) അതിനു മറുപടി കിട്ടിയോ ;

(സി) മറുപടി എന്താണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

കമ്മ്യൂണിസ്റ്റ് സംഘടന

*൫൨൩. (൧൬൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) കമ്മ്യൂണിസ്റ്റ് സംഘടന നിയമവിരുദ്ധമാക്കിയുള്ള ഉത്തരവു പിൻവലിക്കുന്നതിനെയും, കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെ ജയിലിൽനിന്ന് വിട്ടയ്ക്കുന്നതിനേയും സംബന്ധിച്ചു ഗവണ്മെണ്ടു് എന്തെങ്കിലും ആലോചിക്കുന്നുണ്ടോ ;

(ബി) ഇന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ടവർ ആരെങ്കിലും തടവിലുണ്ടോ ;

(സി) അവരിൽ ഏറ്റവും കൂടുതൽ കാലമായി തടവിൽ കിടക്കുന്നതു് ആരാണ് ; അയാൾ തടവിലായിട്ട് എത്ര കൊല്ലമായി ;

(ഡി) കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധമാക്കിയതു് ഇൻഡ്യാ ഗവണ്മെണ്ടിന്റെ നിർദ്ദേശമനുസരിച്ചാണോ ; അതോ തിരുവിതാംകൂർ-കൊച്ചി ഗവണ്മെണ്ടിന്റെ സ്വാഭിപ്രായമനുസരിച്ചാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) താഴെ പറയുന്ന എട്ടുപേർ ൧൯൫൭ ഏപ്രിൽ ൪-ാംതു-മുതൽ തടവിലാണ്.

൧. ശ്രീ. ടി. വി. തോമസ്.
൨. ,, വി. എ. സൈമൺ.
൩. ,, പി. ജി. പത്മനാഭൻ.
൪. ,, സി. കെ. വേലായുധൻ.
൫. ,, കെ. ടി. ജയിക്കബ്.
൬. ,, സി. എസ്സ്. രാമകൃഷ്ണൻ.
൭. ,, കെ. ദാസ്സ്.

LIBRARY ARCHIVES Kerala Legislative Assembly